പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6033 — 07/07/2014- ൽ മറുപടിക്ക്

മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ വയനാട് ജില്ലയ്ക്കായി പ്രത്യേക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ; | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ വയനാട് ജില്ലയ്ക്കായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ വെറ്ററിനറി യൂണിവേഴ്സിറ്റി, കൃഷി വിജ്ഞാൻ കേന്ദ്രം,(അമ്പലവയൽ,) മിൽമ, ക്ഷീര വികസന വകുപ്പ്, ജില്ലയിലെ one lakh youth – ലെ കർഷകർ എന്നിവരുടെ സഹകരണത്തോടെ 200 ഹെക്ടർ ഭൂമിയിൽ തീറ്റപ്പുൽ കൃഷി ചെയ്യാനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) ജില്ലയിലെ കാരാപ്പുഴ ഡാം, ബാണാസുര സാഗർ ഡാം എന്നിവയുടെ സ്ഥലം (ലഭ്യതയനുസരിച്ച്) അല്ലെങ്കിൽ പാട്ടത്തിനെടുത്ത് സ്ഥലങ്ങളിൽ തീറ്റപ്പുൽ കൃഷി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.<br>ലക്ഷ്യങ്ങൾ<br>1) പുൽക്കൃഷിയിലൂടെയുള്ള വരുമാനം<br>2) വയനാട്ടിലെയും മറ്റ് സമീപ ജില്ലകളിലേയും കന്നുകാലികൾക്ക് ആവശ്യമുള്ള തീറ്റപ്പുല്ല് ലഭ്യമാക്കൽ<br>3) തൊഴിൽ ലഭ്യത എന്നിവയാണ് |
| സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ? | സി) പ്രസ്തുത പദ്ധതിയ്ക്ക് പ്രൊപ്പോസൽ തയ്യാറാക്കി, അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ